(ബി) ഈ വർഷത്തെ ആർ.ഐ.ഡി.എഫ്. പണികളുടെ മുൻഗണനാക്രമം നിശ്ചയിച്ചുവെങ്കിൽ ഈ റോഡ് പണി എത്രാമതായി പരിഗണിക്കുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉത്തരം പ്രസക്തമല്ല.

വടകര താലൂക്കിൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ

17 [180] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ ടൂറിസം പ്രാധാന്യമുള്ള കേന്ദ്രങ്ങളായി വികസിപ്പിക്കാൻ സാദ്ധ്യതയുള്ള പ്രമുഖ കേന്ദ്രങ്ങൾ ഏതൊക്കെയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം സ്ഥലങ്ങൾ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിച്ചിട്ടുണ്ട്;

(സി) ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിന് വടകര താലൂക്കിൽ കോഴിക്കോട് ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ ശുപാർശ ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പയ്യംകുറ്റിമല, ലോകനാർകാവ്, സാന്റ് ബാങ്ക്സ്.

(ബി) വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല.

(സി) പദ്ധതികൾ ഒന്നുംതന്നെ ശുപാർശ ചെയ്തിട്ടില്ല. അനുയോജ്യമായ പദ്ധതികൾക്ക് രൂപം നൽകി സമർപ്പിക്കുവാൻ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനോട് ആവശ്യപ്പെടാവുന്നതാണ്.

മംഗലം ഡാം ടൂറിസം വികസന പദ്ധതി

18 [181] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മംഗലം ഡാം ടൂറിസം വികസന പദ്ധതി നടപ്പിലാക്കുവാൻ വിനോദസഞ്ചാര വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്തു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി നടപ്പിലാക്കുന്നതിന് ബജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഈ ടൂറിസം വികസന പദ്ധതി എന്ന് പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ മേഖലയുടെ സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യതാ പഠനം നടത്താൻ പാലക്കാട് ഡി.ടി.പി.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഈ പദ്ധതിക്കായി പ്രത്യേകം തുക വകകൊള്ളിച്ചിട്ടില്ല.

(ഡി) സാധ്യതാപഠനം നിഷ്ക്കർഷിക്കുന്ന പ്രകാരത്തിലായിരിക്കും മേൽ നടപടികൾക്ക് രൂപം നൽകുക.

പെരുവണ്ണാമുഴി വിനോദ സഞ്ചാരകേന്ദ്രം

19 [182] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമുഴി വിനോദസഞ്ചാര കേന്ദ്രമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) പെരുവണ്ണാമുഴി ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പഴശ്ശിരാജാ മ്യൂസിയം, കൃഷ്ണമേനോൻ മ്യൂസിയം, കളിപൊയ്ക, ബേപ്പൂർ, കാപ്പാട്, കോഴിക്കോട് ബീച്ച്, വെള്ളിയാംകല്ല്, തിക്കോടി ലൈറ്റ് ഹൗസ്, പയ്യോളി, കടലുണ്ടി പക്ഷി സങ്കേതം, കക്കയം, തുഷാരഗിരി, പെരുവണ്ണാമുഴി, വെള്ളരിമല, വയനാടൻ മലനിരകൾ, കുറ്റിയാടി, ഇരിങ്ങൽ, മാനാഞ്ചിറ മൈതാനം, കുറ്റിച്ചിറ, ലോകനാർകാവ് ക്ഷേത്രം മുതലായ സ്ഥലങ്ങൾ ടൂറിസം വികസന സാധ്യതയുള്ള കേന്ദ്രങ്ങളായി വിലയിരുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) "പെരുവണ്ണാമുഴി" ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly